بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 24/06/2016

## (18 RAMADAN 1437 HIJRI)

## Hazrat Khalifathullah Munir Ahmad Azim (A)

## THE NIGHT OF DECREE / ദൈവകല്പിത രാത്രി

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വദ്, സൂറഃഅൽഫാത്തിഹായ്ക്ക് ശേഷം ദൈവ കല്പിത രാത്രി എന്ന വിഷയത്തിലേക്ക് പ്രവേശിച്ചു. റമദാന്റെ അവസാനത്തെ 10 ദിവസങ്ങളിൽ എണ്ണപ്പെടുന്ന രാത്രികൾക്ക്, അനുഗ്രഹീതമായ ഈ മാസത്തിലെ മറ്റ് രാത്രികളെ അപേക്ഷിച്ച് പ്രാധാന്യം കൂടുതലാണ്. അഥവാ വർഷത്തിലെ മറ്റ് രാത്രികളെക്കാൾ വളരെ പ്രാധാന്യമുണ്ട്. ഈ വിഷയം സംബന്ധമായി വെളിപാടുകളിലൂടെ ലഭ്യമായ വിശുദ്ധഖുർആനിലെ അധ്യായം 97 വചനങ്ങൾ 1 മുതൽ 6 വരെ ഇതിന്റെ സർവ്വോത്കൃഷ്ടതയെ വെളിപ്പെടുത്തുന്നു.**“പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ. സത്യമായി നാം ഇതിനെ (ഖുർആനെ) നിർണയരാവിൽ അവതരിപ്പിച്ചിരിക്കുന്നു. നിർണ്ണയരാവ് എന്തെന്ന് നിനക്കെന്തറിയാം. നിർണയരാവ് ആയിരം മാസത്തെക്കാൾ ഉത്തമമാകുന്നു. അതിൽ മലക്കുകളും ആ പരിപൂർണ്ണാത്മാവും തങ്ങളുടെ നാഥന്റെ അനുമതിയോടെ സകല കൽപനകളും കൊണ്ട് ഇറങ്ങുന്നതാണ്. അത് (തികച്ചും) സമാധാനമാകുന്നു. പ്രഭാതോദയം വരെ” (97:1– 6)**

ഹദീസുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു. പ്രവാചകൻ (സ) ദൈവകല്പിത രാത്രിയുടെ തീയതി മുസ്ലീംകൾക്ക് വെളിപ്പെടുത്തുവാൻ പോവുകയായിരുന്നു. അപ്പോൾ രണ്ടാളുകൾ തമ്മിൽ വഴക്കിടുന്നുണ്ടായിരുന്നു. അതു മൂലം ആ തീയതി പ്രവാചകൻ (സ) ൽ നിന്നും മറയ്ക്കപ്പെട്ടു. ഈ തീയതിയുടെ മറവി മുസ്ലീകൾക്ക് അനുഗ്രഹമായി എന്ന വികാരമാണ് പ്രവാചകൻ (സ) പ്രകടിപ്പിച്ചത്. പ്രവാചക പത്നിയായ ഹസ്രത് ആയിശാ (റ) നമ്മെ അറിയിച്ചു. **“അല്ലാഹുവിന്റെ ദൂതൻ (സ) റമദാനിലെ അവസാനത്തെ പത്ത് ദിവസങ്ങളിൽ പള്ളിയിൽ ഭജനമിരിക്കുമായിരുന്നു. റമദാനിലെ അവസാനത്തെ 10 ദിവസങ്ങളിലെ ഒറ്റ രാവുകളിൽ ലൈലത്തുൽ ഖദ്ർ പ്രതീക്ഷിച്ചിരുന്നു.”** (ബുഖാരി, മുസ്ലീം) ദൈവകല്പിത രാവുകളായി സാധ്യതയുള്ളത് അവസാനത്തെ 21, 23, 25, 27, 29 രാവുകളാണ്. ഇതു സംബന്ധമായി പല മഹാന്മാരും വിവിധങ്ങളായ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. **ഇമാം മാലിക്** (റ) വിശ്വസിച്ചിരുന്നു. അവസാനത്തെ 10 ദിവസങ്ങളിലെ 10 രാവുകളും തുല്യ പ്രാധാന്യമാണ്. അതിൽ ഒന്ന് മറ്റേതിനേക്കാൾ മേന്മയേറിയതെന്ന് പറയാവതല്ല. **ഇമാം ഷാഫി** (റ) ടെ അഭിപ്രായ പ്രകാരം 21-ാം രാവാണ് ഏറ്റവും സംതൃപ്തമായി തോന്നുന്നത് എന്ന് പറയുകയുണ്ടായി. **ബിലാൽ** (റ) ന്റെ അഭിപ്രായ പ്രകാരം അല്ലാഹുവിന്റെ ദൂതൻ (സ) ഒരവസരത്തിൽ പറയുകയുണ്ടായി, ഇത് 24-ാം രാത്രിയിലാണെന്ന് ! **അബൂദർറ്** (റ) ന്റെ അഭിപ്രായ പ്രകാരം 25-ാം രാവിലാണ്. **ഇബ്നു അബ്ബാസ്** (റ) ന്റെയും **ഉബയ്യ്, കഅ്ബ്** (റ) ന്റെയും അഭിപ്രായ പ്രകാരം 27-ാമത്തെ രാത്രിയാണ്. **ഇമാം അഹ്മദ് ഇബ്നു ഹമ്പൽ** (റ) ന്റെയും അഭിപ്രായം 27-ാമത്തെ രാത്രിയാണ്. ഈ പരിശുദ്ധ രാത്രിയുടെ ദൃഷ്ടാന്തത്തെപ്പറ്റി 50 അഭിപ്രായങ്ങൾ കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

മുസ്ലീങ്ങളെ സംബന്ധിച്ചിടത്തോളം അല്ലാഹുവിന്റെ ദൂതൻ (സ) യുടെ കൽപന അനുസരിക്കുക എന്നതാണ് ഇത് സംബന്ധമായുള്ള ഏറ്റവും നല്ല വഴി. ദൈവ കൽപിത രാവിനെ അന്വേഷിക്കുന്നവർ അദ്ദേഹത്തിന്റെ മാതൃക പിൻതുടരുക. പ്രവാചകൻ (സ) പറഞ്ഞു. **“ദൈവ കൽപിത രാത്രിയിൽ അല്ലാഹുവിനെ ആരാധിക്കുക അതിന് അല്ലാഹുവിൽ നിഷ്കളങ്ക വിശ്വാസമുണ്ടായിരിക്കണം. ദൈവീക പ്രതിഫലത്തിൽ അചഞ്ചലമായ വിശ്വാസം ഉണ്ടായിരിക്കണം. അങ്ങനെയായാൽ അല്ലാഹു അവന്റെ കഴിഞ്ഞകാല പാപങ്ങളെല്ലാം മാപ്പാക്കുന്നതാണ്”** (ബുഖാരി, മുസ്ലീം) ഹസ്രത് ആയിശ (റ) റിപ്പോർട്ട് ചെയ്യുന്നു. **“റമദാന്റെ അവസാനത്തെ 10 ദിവസത്തിന്റെ ആരംഭത്തോടെ, പ്രവാചകൻ (സ) കഠിനമായി അദ്ധ്വാനിക്കുക പതിവായിരുന്നു. രാത്രിയിലുടനീളം അദ്ദേഹം പ്രാർത്ഥനാ മഗ്നനാകുമായിരുന്നു. തന്റെ കുടുംബത്തെ പ്രാർത്ഥിക്കുവാനായി ഉണർത്തുമായിരുന്നു”** (ബുഖാരി, മുസ്ലീം) പ്രവാചകൻ (സ) റമദാൻ മാസത്തിന്റെ അവസാനത്തെ പത്തിൽ അദ്ദേഹത്തിന്റെ ആരാധനകൾ ഇരട്ടിയാക്കി വർദ്ധിപ്പിച്ചിരുന്നു. മറ്റ് വ്രതാനുഷ്ഠാന ദിവസങ്ങളിൽ ചെയ്യുന്നതിനെക്കാൾ കൂടുതൽ ചെയ്തിരുന്നു.“ **(മുസ്ലീം) ഹസ്രത് ആയിശാ (റ) പ്രവാചകൻ (സ) നോട് ഇപ്രകാരം ചോദിക്കുകയുണ്ടായി, അല്ലാഹുവിന്റെ ദൂതരെ, ഞാൻ എന്ത് പ്രാർത്ഥനയാണ് ദൈവകൽപിത രാത്രിയിൽ – ലൈലത്തുൽ ഖദ്‌രിൽ – ചെയ്യേണ്ടത് ? പ്രവാചകൻ (സ) മറുപടി പറഞ്ഞു.”** പറയുക, ഓ! അല്ലാഹ്! നീ വളരെയധികം മാപ്പ് ചെയ്യുന്ന

വനാണ്, മാപ്പാക്കുന്നത് നീ ഇഷ്ടപ്പെടുന്നവനുമാണ്. അതുകൊണ്ട് നീ എനിക്ക് മാപ്പ് ചെയ്താലും ! (തിർമിതി) ലൈലത്തുൽ ഖദ്ർ ദിനത്തിന്റെ യഥാർത്ഥ തീയതി മറച്ചു വെച്ചത്, മുസ്ലീങ്ങൾക്ക് സത്യത്തിൽ ഒരനുഗ്രഹ മാണ് എന്ന് പ്രവാചകൻ (സ) പറയുകയുണ്ടായി. എന്ത് കൊണ്ടാണ് അല്ലാഹു തന്റെ ദാസന്മാർക്ക് ആ യഥാർത്ഥ തീയതി വെളിപ്പെടുത്തി കൊടുക്കാതിരുന്നത് എന്ന ചോദ്യം ചോദിക്കാവുന്നതാണ്. ശൈഖ് അബ്ദുൽ ഖാദിർ ജീലാനി (റ) അതിനുത്തരമായി ഇപ്രകാരം പറയുകയുണ്ടായി ! ആ പ്രത്യേക രാത്രിയിൽ, അവർ ചെയ്യുന്ന നല്ല പ്രവർത്തനങ്ങളെപ്പറ്റി തന്റെ ദാസന്മാർ വ്യാമോഹത്തിലകപ്പെടരുത് എന്ന് ഉറപ്പാക്കു വാൻ അല്ലാഹു ആഗ്രഹിക്കുന്നു. ഇത് സംബന്ധമായി ഉറപ്പില്ലാതെ, (ദൈവകല്പിത രാത്രിയെപ്പറ്റിയുള്ള തീയതിയുടെ കാര്യത്തിൽ) താഴെപ്പറയുന്ന വാദമുഖം അവർക്ക് സമർപ്പിക്കുവാൻ കഴിയുകയില്ല. ആയിരം മാസത്തേക്കാൾ ശ്രേഷ്ഠമായ, രാത്രിയിൽ, ഞങ്ങൾ സത് പ്രവർത്തനങ്ങൾ ചെയ്തിട്ടുണ്ട്. അതുകൊണ്ട്, അല്ലാഹു ഞങ്ങൾക്കു പൊറുത്തു തരേണ്ടതാണ്, ഇപ്പോൾ അവന്റെ മുമ്പിൽ ഞങ്ങൾ ഉന്നതമായ സ്ഥാന ത്തിന് അർഹരാണ്, സ്വർഗ്ഗം ലഭിക്കുവാൻ യോഗ്യതയുള്ളവരാണ്. അതിനുശേഷം സത്പ്രവർത്തനങ്ങൾ ഒന്നും ചെയ്യാതെ, അവരുടെ അർഹമായ വിശ്രമത്തിൽ ഊറ്റം കൊള്ളലായിരിക്കും ഫലം. നല്ല നിലയിൽ നീതികരി ക്കാത്ത ശുഭാപ്തി വിശ്വാസത്തിലകപ്പെടുന്ന ഇരകൾ, അവരുടെ വിധി, അവരെ നിത്യനരകത്തിലേക്കായി രിക്കും കൊണ്ടെത്തിക്കുക.

മരണസമയവും ഒരു രഹസ്യമാണ്. അത് അല്ലാഹു ആരോടും വെളിപ്പെടുത്തിയിട്ടില്ല. അവൻ അത് വെളിപ്പെടുത്തിയിട്ടുണ്ടായിരുന്നെങ്കിൽ, അപ്പോൾ ആർക്കുവേണമെങ്കിലും, അവരുടെ കാമാന്ധമായ ഇച്ഛ കൾക്ക് ഒരു പഴുത് കണ്ടെത്തുവാൻ കഴിയും, ഈ ലോകം കാഴ്ചവയ്ക്കുന്ന നിഷിദ്ധമായ എല്ലാ സുഖഭോ ഗങ്ങളും ആസ്വദിക്കുവാൻ കഴിയും, തന്റെ മരണം ആസന്നമാകുന്ന കുറഞ്ഞകാലയളവിൽ, പശ്ചാത്തപി ക്കാം, അല്ലാഹുവിന് മാത്രം ഇബാദത്തു ചെയ്തു കഴിയാം. അങ്ങനെ അവന് പശ്ചാത്താപത്തോടെ, ഒരു നല്ല വിശ്വാസിയായി മരിക്കാം എന്നവന് ചിന്തിക്കുവാൻ കഴിയുമല്ലോ. തീർച്ചയായും ഈ രഹസ്യങ്ങൾ, ഒരു ഉത്തേ ജകം പോലെ പ്രവർത്തിക്കുന്നതാണ്, നന്മചെയ്യുവാൻ ദൈവദാസന്മാരെ നിരന്തരം പ്രേരിപ്പിച്ചുകൊണ്ടിരി ക്കും. നിരന്തര പശ്ചാത്താപവും, സ്വഭാവ സംസ്ക്കരണ പുരോഗതിക്കായി നിരന്തരം കഠിനാദ്ധ്വാനം ചെയ്തു കൊണ്ടുമിരിക്കും. അജ്ഞാതനാമകമായ ഒരു ഗ്രന്ഥകാരന്റെ അഭിപ്രായത്തിൽ, അല്ലാഹു (ത) 5 കാര്യങ്ങൾ മറ്റ് 5 കാര്യങ്ങളിൽ മറച്ചു വെച്ചിരിക്കുന്നു. അവൻ മറച്ച് വച്ചിരിക്കുന്ന 5 കാര്യങ്ങൾ
1. അനുസരണ പ്രവർത്തിയിലൂടെ അല്ലാഹുവിനുണ്ടാകുന്ന സന്തോഷം 2. അനുസരണമില്ലായ്മയിലൂടെ അല്ലാഹുവിനുണ്ടാകുന്ന കോപം 3. ദിവസവും നടത്തുന്ന നിയമപ്രകാരമുള്ള പ്രാർത്ഥനയ്ക്കിടയിൽ നട ത്തുന്ന വ്യക്തിഗത പ്രാർത്ഥന 4. തന്റെ സ്നേഹിതനെ, **'വലിയെ'** തന്റെ മറ്റ് സൃഷ്ടികൾക്ക് ഇടയിൽ നിന്ന് 5. റമദാൻ മാസത്തിലെ ലൈലത്തുൽ ഖദ്ർ (ദൈവകല്പിത രാത്രി) ഞാൻ ഈ സൂചിപ്പിച്ചതിലൂടെ ഒരു പ്രത്യേക രാത്രിയിൽ, ലൈലത്തുൽ ഖദ്ർ നിശ്ചയിക്കുന്നത് തെറ്റാണ് എന്ന് പറയുവാനാണ്. അല്ലാഹുവിന്റെ ദൂതൻ (സ) പറഞ്ഞതിനെ സ്മരിക്കുക. അദ്ദേഹം പറഞ്ഞു നിങ്ങൾ റമദാന്റെ അവസാനത്തെ പത്തിൽ ദൈവ കൽപിത രാത്രിയെ പ്രതീക്ഷിച്ചുകൊള്ളുക. അത് അദ്ദേഹം തന്നെയാണ് തന്റെ ജീവിതത്തിൽ പ്രയോഗ വൽക്കരിച്ചു കാണിച്ചു തന്നത്, ഇതന്വേഷിക്കുന്നതിനുള്ള ശക്തമായ മാതൃകയും അദ്ദേഹം തന്നെയാണ്. പൂർണ്ണമായും അദ്ദേഹം പള്ളിയിൽ തന്നെ അവസാനത്തെ 10 രാവുകളിൽ കഴിച്ചുകൂട്ടുകയും ചെയ്തിരു ന്നു. അല്ലാഹു (ത) വിശുദ്ധ ഖുർആനിൽ പറഞ്ഞിട്ടില്ലേ ? **"ഇത് അല്ലാഹുവും അവന്റെ ദൂതനും ഞങ്ങളോട് വാഗ്ദാനം ചെയ്തതാണ്. അല്ലാഹുവും അവന്റെ ദൂതനും സത്യം പറഞ്ഞിരിക്കുന്നു." (33:23)**

എന്റെ സഹോദരന്മാരെ, സഹോദരിമാരെ, എന്റെ ഭക്തരായ അനുയായികളെ, ലൈലത്തുൽ ഖദ്റിന്റെ സമ്പൂർണ്ണമായ അനുഗ്രഹങ്ങൾ അല്ലാഹു (ത) നിങ്ങൾക്ക് നൽകട്ടെ. **അല്ലാഹുവിന്റെ അനുഗ്രഹത്താൽ നിങ്ങൾക്ക് ലൈലത്തുൽ ഖദ്റിന്റെ ഒരു ജീവിതകാലം അവൻ നൽകിയിരിക്കുകയാണ്. റൂഹുൽ ഖുദ്സുമായി അവൻ എന്നെ നിങ്ങൾക്കായി അയച്ചിരിക്കുകയാണ്, നിങ്ങളുടെ ആത്മാക്കളെ ശുദ്ധീകരിക്കുവാൻ, അല്ലാഹു വിന്റെ വഴികാണിക്കുവാൻ, അവന്റെ തൃപ്തി കരസ്ഥമാക്കുവാനുള്ള വഴി !** അല്ലാഹു (ത) നിങ്ങളെ നേർപാത യിൽ നയിക്കട്ടെ ! മറ്റിതര ആയിരങ്ങൾക്ക് ജീവിത രക്ഷാമാർഗ്ഗം കണ്ടെത്തുവാൻ സഹായിക്കട്ടെ! ഇൻശാ അല്ലാഹ് ആമീൻ!

Translated & Issued By

**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*